മികവിന്റെ സൗന്ദര്യത്താര്
അംഗനമാർ

# കലകളുടെ പൊട്ടുതൊട്ട് പൂജ (അംഗന 09– രണ്ടാംസ്ഥാനം)



തൃശൂർ: കുമാരനാശാന്റെ 'ചണ്ഡാലഭിക്ഷുകി' നൃത്തനാടകമാക്കുന്നതിന്റെ ജോലികളിലാണ് പൂജയും കലാമണ്ഡലത്തിലെ കൂട്ടുകാരികളും. ഇടയ്ക്ക് അംഗന മൽസരത്തിൽ ഒന്നു പയറ്റാമെന്നു കരുതി. മികവിന്റെ അടിസ്ഥാനത്തിൽ അവസാന റൗണ്ടിലെത്തിയ മൂന്നുപേരിൽ പൂജ ഇടംപിടിച്ചു. 'അംഗന '09– ഫസ്റ്റ് റണ്ണർ അപ്പ്' പദവി സ്വന്തമാക്കി പൂജ വിജയൻ.

കന്നഡയിലും തമിഴിലും മലയാളത്തിലുമായി അഞ്ചു സിനിമകളിൽ ഇതുവരെ പൂജ അഭിനയിച്ചു കഴിഞ്ഞു. മൂന്നു മലയാളം സിനിമകൾ– (റോമിയോ, ത്രിൽ, ബോധി), രണ്ടു തമിഴ് സിനിമകൾ, ഒരു കന്നഡ സിനിമ. ബോധി എന്ന സിനിമ ചണ്ഡാലഭിക്ഷുകിയെ അടിസ്ഥാനമാക്കി ചിത്രീകരണം തുടരുന്നു. എഴുപത്തഞ്ചോളം ഉൽപന്നങ്ങളുടെ പരസ്യങ്ങൾക്കു മോഡലായി.

അഹമ്മദാബാദിൽ ജനിച്ചു വളർന്ന പൂജ സിനിമയും നൃത്തവും അഭിനിവേശമായി കൊണ്ടുനടക്കുന്നു. കിരാലൂർ ഞാറേക്കാട്ട് വിജയന്റെ മകളാണ്. സ്കൂൾകാലം ഗുജറാത്തിൽ. കാലടി ശങ്കരാ സർവകലാശാലയിൽ നൃത്തം പഠിച്ച പൂജ കലാമണ്ഡലത്തിൽ മോഹിനിയാട്ടത്തിൽ ബിരുദാനന്തരബിരുദപഠനം നടത്തുന്നു.